**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1391** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ ഇല്ലിക്കക്കല്ല്, ഇലവീഴാപൂഞ്ചിറ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ ഇല്ലിക്കക്കല്ല്, ഇലവീഴാപൂഞ്ചിറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം വിനോദസഞ്ചാരികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | പാലാ നിയോജകമണ്ഡലത്തിലെ ഇല്ലിക്കൽ കല്ലിൽ കോട്ടയം ഡി.റ്റി.പി.സി യുടെ നിയന്ത്രണത്തിൽ സഞ്ചാരികൾക്കായി ടോയിലെറ്റ് സൗകര്യം, ജീപ്പ് സഫാരി, പാർക്കിംഗ്, നടപ്പാതകൾ, ഹാൻഡ് റെയിൽസ്, ഇരിപ്പിടങ്ങൾ, റെയിൻ ഷെൽട്ടർ, മാലിന്യ സംസ്കരണ നിർമ്മാർജ്ജന സംവിധാനങ്ങൾ, മാലിന്യനിർമ്മാർജ്ജന നോട്ടീസ് ബോർഡുകൾ, സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ 07/09/2019ലെ സ.ഉ. (സാധാ) നമ്പർ 307/2019/TSM പ്രകാരം ഇല്ലിക്കൽകല്ല് ടൂറിസം ഡെവലപ്മെന്റ് പദ്ധതിയ്ക്ക് മൂന്നു കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഹാൻഡ് റെയിൽ വർക്കുകൾ (110 മീറ്റർ), റെയിൻ ഷെൽട്ടർ (1 എണ്ണം), സ്റ്റീൽ ബെഞ്ചുകൾ (3 എണ്ണം), retaining wall എന്നീ ഘടകങ്ങൾ നിലവിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇലവീഴാപൂഞ്ചിറയിൽ കോട്ടയം ഡി.റ്റി.പി.സിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു അമിനിറ്റി സെന്ററിൽ സഞ്ചാരികൾക്കു താമസിക്കുന്നതിനുള്ള മുറികൾ, ടോയിലെറ്റ് സംവിധാനം, മാലിന്യനിർമ്മാർജ്ജന സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സുരക്ഷാ വേലികൾ, സൈൻ ബോർഡുകൾ എന്നിവയും സ്ഥാപിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ ധാരാളം വിനോദസഞ്ചാരികൾ വന്നുപോകുന്നതിനാൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഇലിക്കൽ കല്ല്, ഇലവീഴാപൂഞ്ചിറ എന്നിവിടങ്ങളിൽ കൂടുതൽ വികസന പദ്ധതികൾ ഒരുക്കുന്നതിന് റവന്യൂ ഭൂമിയിൽ ഉപയോഗാനുമതി തേടി ജില്ലാ കളക്ടർക്ക് ലാൻഡ് റിക്വസിഷൻ ഫോം വഴി അപേക്ഷ നൽകിയിട്ടുണ്ട്. ഈ ഭൂമി ലഭ്യമാകുന്നതിന് അനുസരിച്ച് പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | റോപ് വേ കണക്ടിംഗ് ഇലവീഴാപൂഞ്ചിറ & ഇല്ലിക്കൽ കല്ല് എന്ന ടൂറിസം പദ്ധതിക്കായുള്ള സാധ്യത പരിശോധന നടത്തുന്നതിന് M/s. NATPAC എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ